# പ്ലാച്ചിമടയിൽ ധർമ്മം മറന്ന മാധ്യമങ്ങൾ

പ്രത്യേക ലേഖകൻ

പരസ്യധാതാവിന്റെ താൽപര്യത്തിനനുസരിച്ച് സത്യത്തെ വളച്ചൊടിക്കുന്ന മാധ്യമരീതികൾക്ക് ഉത്തമ ഉദാഹരണമാണ് പ്ലാച്ചിമടയിലെ കൊക്കക്കോള സമരം. ജീവന്റെ ആധാരമായ വെള്ളത്തിന് വേണ്ടി ഒരു സമൂഹം ഒറ്റക്കെട്ടായി നടത്തുന്ന സമരത്തെ രാഷ്ട്രീയവൽക്കരിച്ചും ലളിതവൽക്കരിച്ചും കുഴിച്ചുമൂടാൻ മാധ്യമങ്ങൾ നടത്തുന്ന കപടപ്രചാരണങ്ങൾ. ഇവർക്ക് കുഴലൂത്ത് പാടാൻ സുപ്രീം കോടതി മുൻചീഫ് ജസ്റ്റീസ് ബി.എൻ. കൃപാൽ മുതൽ സാംസ്കാരികഹത്യകൾക്കെതിരെ വാതോരാതെ പുലമ്പുന്ന സക്കറിയ വരെ നീണ്ട നിര. എന്നിട്ടും സത്യം ജയിക്കുന്നു എന്നതാണ് പ്ലാച്ചിമട നൽകുന്ന പാഠം.

സമീപകാലത്ത് ലോകത്തെ മാധ്യമങ്ങൾ ഏറ്റവും അധികം ആഘോഷിച്ച സമരമാണ് പ്ലാച്ചിമടയിലെ ആദിവാസികളുടെ കൊക്കക്കോള വിരുദ്ധസമരം. കേരളത്തിന്റെ മുക്കിലും മൂലയിലുമുള്ള സായാഹ്ന പത്രങ്ങൾ മുതൽ ബി.ബി.സി. വരെ പ്ലാച്ചിമട സമരത്തെക്കുറിച്ച് ചെറുതും വലുതുമായ വാർത്തകളെഴുതി. പലരും കവർസ്റ്റോറികൾ വരെ എഴുതി. പ്ലാച്ചിമടയിലെ ദുരിതങ്ങൾ നേരിൽ കണ്ടറിഞ്ഞ് ജനകീയ വികാരത്തിനൊപ്പം പ്രകൃതി വിഭവങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്ന ആഗോളവൽക്കരണത്തിനെതിരെ തൂലിക ചലിപ്പിക്കാനാണ് മിക്ക മാധ്യമങ്ങളും ശ്രമിച്ചത്. എന്നാൽ കേരളത്തിലെ ഏറ്റവും വലിയ പത്രം എന്നവകാശപ്പെടുന്ന മനോരമയും ഇന്ത്യയിലെ ഒന്നാംകിട പത്രം എന്നവകാശപ്പെടുന്ന ദി ഹിന്ദുവും അടക്കം ഒരു കൂട്ടം മാധ്യമങ്ങൾ കൊക്കക്കോള കമ്പനിയുടെ കുഴലൂത്തുകാരാവുന്നതാണ് നാം കണ്ടത്. പ്ലാച്ചിമടയിലെ ഷാഹുൽ ഹമീദും മൈലമ്മയും ആറുച്ചാമി കൗണ്ടറും അനുഭവിക്കുന്ന ദുരിതങ്ങൾ ഇവർക്ക് വാർത്തകളല്ല. പെരുമാട്ടി പഞ്ചായത്തിന്റെ ധീരമായ പോരാട്ടങ്ങളും ഇവർ കാണുന്നില്ല. പകരം കർഷകരെ വശീകരിക്കാൻ കോളാകമ്പനി കൊണ്ടുവന്ന മഴവെള്ള സംരക്ഷണ പദ്ധതിയാണ് ഇവർക്ക് എക്സിക്യൂട്ടീവ് വാർത്തകളാവുന്നത്.

2002 ഏപ്രിൽ 22 ലെ ഭൗമദിനത്തിലാണ് പ്ലാച്ചിമടയിൽ ഐതിഹാസികമായ കോളാ വിരുദ്ധ സമരം തുടങ്ങുന്നത്. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്ത്, കുടിവെള്ളം മലിനപ്പെടുത്തി, മാരകമായ വിഷാംശങ്ങൾ മണ്ണിൽ നിക്ഷേപിക്കുന്ന കൊക്കകോള കമ്പനിക്കെതിരെ പ്ലാച്ചിമടയിലെയും സമീപത്തെ 10 ആദിവാസി കോളനികളിലെയും തദ്ദേശീയർ സമരരംഗത്തിറങ്ങു

**പുസ്തകപരിചയം**

## ഒരു വിശുദ്ധ ജലത്തിന്റെ ജീവചരിത്രം

ബിജു എസ്. ബാലൻ

പാലക്കാട് ജില്ലയിലെ പ്ലാച്ചിമട എന്ന സ്ഥലത്ത് നടക്കുന്നതെന്താണ് ഒരുവിധം പത്രം വായിക്കുന്ന മലയാളികൾക്കറിയാം. ഒരു കമ്പനി ചുമ്മാ കേറി ബെല്ലും ബ്രേക്കുമില്ലാതെ ഭൂഗർഭജലം എടുക്കുന്നു. ഒടുവിൽ നാട്ടുകാർക്ക് കുടിക്കാൻ വെള്ളമില്ലെന്നായപ്പോൾ മാന്യമായി കമ്പനിയോട് പറഞ്ഞുനോക്കി. എന്നിട്ടും തുടരാൻ തന്നെയാണുദ്ദേശം.

പിടിവാശിക്കാരനായ ഈ കമ്പനിയുടെ ചരിത്രമാണ് 'ഹോളി വാട്ടർ ഫ്രം ദ വെസ്റ്റ്' എന്ന ഗ്രന്ഥത്തിലൂടെ കെ.ആർ. രഞ്ജിത്ത് എഴുതുന്നത്.

വ്യക്തികളുടെ ജീവചരിത്രങ്ങൾ നമുക്ക് പരിചയമുണ്ട്. എന്നാൽ കൊക്കൊകോള എന്ന ഒരു കുപ്പി വെള്ളത്തിന്റെ ജീവചരിത്രത്തിന് എന്താണ് പ്രസക്തി ? മലയാളിയുടെ ഉപഭോഗസംസ്കാരത്തിലേക്ക് അവശ്യമായി കടന്നു ചെല്ലേണ്ട അനേകം ജീവചരിത്രങ്ങളിലാദ്യത്തേതാണ് കൊക്കക്കോളയുടേത്. എല്ലാവരേയും അടക്കിഭരിക്കാൻ കഴിവുള്ള അധികാരം കൈയിലുള്ള ഉപഭോഗവസ്തുക്കളുടെ ജീവചരിത്രങ്ങളാണ് മലയാളിക്കിന്നാവശ്യം. സാമ്പത്തിക ആഗോളവത്കരണം ഇന്നു പറയുന്ന അവസ്ഥയിലെത്തുന്നതിനു മുൻപുള്ള ഒരു ജൈത്രയാത്രയുടെ കഥയാണ് ഗ്രന്ഥകാരൻ പറയുന്നത്.

പ്ലാച്ചിമടയിലെ കൊക്കകോളയുടെ ആപ്പീസ് ഏതാണ്ട് പൂട്ടാറായ സമയത്താണ് ഗ്രന്ഥം ഇറങ്ങുന്നത്. ജനിച്ചപ്പോൾ മുതൽ ആരുടെയെല്ലാം ആപ്പീസുപൂട്ടിയാണ് കൊക്കക്കോള കടന്നുവരുന്നത് എന്നാണ് ആദ്യത്തെ മൂന്നു നാലധ്യയങ്ങളിൽ പറയുന്നത്. ഒരു പ്രാദേശിക അമേരിക്കൻ പാനീയം എന്ന നിലയിൽ നിന്ന് ലോകമെമ്പാടും വിലാസമുണ്ടാക്കിയ ഒരു വൻശൃംഖല എന്ന നിലക്കുള്ള കൊക്കക്കോളയുടെ വളർച്ച ആദ്യ അദ്ധ്യായങ്ങളിൽ വിവരിക്കുന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായ അദ്ധ്യായം കൊക്കക്കോളയും നാസികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. കച്ചവടത്തിനായി ഏതു ചെകുത്താനെയും കൂട്ടുപിടിക്കുക എന്നുപറയാറില്ലേ. അതു തന്നെ കാര്യം.



**HOLY WATER: From the west**
*Ranjith.K.R*
*page 96 Rs. 85.00,*
*Alter media, Thrissur*

അതു കഴിഞ്ഞുള്ള വർഷങ്ങളിലാണ് കൊക്കകോള ഇന്ത്യയിലേക്ക് വരുന്നത്. ദീർഘകാലം ഇന്ത്യയിൽ പ്രശ്നങ്ങളൊന്നുമില്ലാതെ നിന്ന കോള നേരിടേണ്ടിവന്ന സത്യങ്ങളെക്കുറിച്ച് ഒരധ്യായം മുഴുവൻ വിവരിക്കുന്നു. ഇന്ത്യയിൽ പല ഭാഗത്തായി കോളക്കെതിരെ നടന്ന സമരങ്ങളും കോളയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും രണ്ട് അധ്യായങ്ങളിലായി വിശദമായി ചർച്ച ചെയ്യുന്നു. ഏറ്റവും ഒടുവിലായി ഇന്ത്യയിലെ ജലപ്രതിസന്ധിയുടെ ഇടയിൽ കോള കമ്പനി നടത്തുന്ന ജലചൂഷണത്തിന്റെ സമഗ്രമായ ചിത്രം തന്ന് ഗ്രന്ഥം അവസാനിപ്പിക്കുന്നു.



ന്നത് ഇങ്ങനെയാണ്. മാതൃഭൂമിയും മാധ്യമവും ദേശാഭിമാനിയും ആണ് തുടക്കം മുതൽ പ്ലാച്ചിമട സമരത്തിന്റെ യാഥാർത്ഥ്യങ്ങൾ ജനങ്ങളിൽ എത്തിച്ചുകൊണ്ടിരുന്നത്. പിന്നീട് തുടങ്ങിയ വർത്തമാനവും മാധ്യമധർമ്മം നിറവേറ്റി. മനോരമ, ദി ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്സ്, കേരളകൗമുദി, ദീപിക തുടങ്ങി കേരളത്തിലെ മറ്റ് പത്രങ്ങൾ കോളാവിരുദ്ധ സമരത്തെ 10 ആദിവാസികൾ നടത്തുന്ന സമരമായാണ് ചിത്രീകരിച്ചത്. എന്നാൽ ദൃശ്യമാധ്യമങ്ങൾ തുടക്കം മുതൽ പ്ലാച്ചിമട സമരത്തിന്റെ യാഥാർത്ഥ്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിൽ വിജയിച്ചിരുന്നു.

വസ്തുതാ പഠനത്തിൽ കേരളത്തിലെ മാധ്യമങ്ങൾ പിന്തുടരുന്ന അശാസ്ത്രീയമായ സമീപനവും പ്ലാച്ചിമടയിൽ ദൃശ്യമായിട്ടുണ്ട്. പ്ലാച്ചിമട സമരത്തിന്റെ ലക്ഷ്യം തന്നെ മാറ്റിയ കണ്ടെത്തൽ ബി.ബി.സിയാണ് നടത്തിയത്. പ്ലാച്ചിമടയിലെ കോളാ കമ്പനി അധികൃതർ വളമാണെന്ന് പറഞ്ഞ് കർഷകർക്ക് മാരകവിഷാംശമായ കാഡ്മിയവും കറുത്തീയവും കലർന്ന ഖരമാലിന്യം നൽകിയത് ബി.ബി.സി. കണ്ടെത്തി. വസ്തുതാപഠന രീതിയിലൂടെ, ശാസ്ത്രീയ കണ്ടെത്തൽ ഏറ്റെടുത്ത് മുന്നോട്ട് നീങ്ങി. മനോരമയും ഹിന്ദുവുമടക്കമുള്ള പത്രങ്ങൾ ഇത് ഒരു സംഭവമല്ലെന്ന മട്ടിലാണ് വാർത്തകളെഴുതിയത്.

പ്ലാച്ചിമട സമരത്തിന് നേതൃത്വം കൊടുത്ത പി.യു.സി.എൽ. നേതാവ് വിളയോടി വേണുഗോപാലടക്കമുള്ളവർക്ക് വൻതോതിൽ വിദേശ സഹായം ഉണ്ടെന്ന വെളിപ്പെടുത്തലും ഒരു പത്രം നടത്തി. കോളാകമ്പനിയിൽ നിന്ന് പണം വാങ്ങി സമരത്തെ പൊളിക്കാനുള്ള തന്ത്രമായിരുന്നു ഇതിന് പിന്നിൽ. പ്ലാച്ചിമട സമരത്തിന് ആന്ധ്രയിലെ നക്സലുകളുടെ പിന്തുണ ലഭിച്ചതിനാൽ ഭീകരമായ വിപ്ലവം പ്ലാച്ചിമടയിൽ നടക്കാൻ സാധ്യതയുണ്ടെന്ന് വരെ ഒരു ബൂർഷ്വാ പത്രം എഴുതിപിടിപ്പിച്ചു. എന്നിട്ടും ജനകീയ സമരത്തിന് വമ്പിച്ച പിന്തുണ കൈവന്നത് കുപ്രചാരണം നടത്തുന്ന മാധ്യമങ്ങളെ ഭയചകിതരാക്കി. ഈ ഘട്ടത്തിലാണ് മേധാപട്കറിന്റെയും ഡോ. വന്ദനശിവയുടെയും സന്ദർശനവും ഒടുക്കം ലോകം തന്നെ ശ്രദ്ധിച്ച ലോകജലസമ്മേളനവും വിശകലനം ചെയ്യേണ്ടത്.

പ്ലാച്ചിമടയിൽ നിന്ന് അയോധ്യയിലേക്ക് മാർച്ച് നടത്തിയാണ് മേധാപട്കർ പ്ലാച്ചിമട സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. ഡോ. വന്ദനശിവ പ്ലാച്ചിമടയിലെ ജല പ്രശ്നങ്ങൾ ആഗോള തലത്തിൽ കൊണ്ടുവന്നു. പിന്നീടാണ് ലോകജല സമ്മേളനം.

കേരളം രൂക്ഷമായ ജലക്ഷാമത്തിന്റെ പിടിയിലാണെന്നും ജലം നമ്മുടെ മൗലികാവകാശമാണെന്നും കേരളീയരെ പഠിപ്പിച്ചു എന്നതാണ് ജലസമ്മേളനത്തിന്റെ പ്രസക്തി. മൂന്ന് ദിവസം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ 500-ഓളം പരിസ്ഥിതി പ്രേമികളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിദേശ പ്രതിനിധികളും ഒത്തുചേർന്ന് വെള്ളത്തിന് മേലുള്ള അവകാശ പ്രഖ്യാപനം നടത്തി. എന്നാൽ മനോരമക്കും മറ്റും അറിയേണ്ടത് ജലസമ്മേളനത്തിന് പിന്നിലെ ഫണ്ടിംഗ് കഥകളായിരുന്നു. ഇല്ലാത്ത നുണകൾ പടച്ചുവിട്ടെങ്കിലും ആരും ശ്രദ്ധിക്കാനില്ലാത്തതിനാൽ നിർത്തുകയായിരുന്നു.

മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി.എൻ. കൃപാൽ പ്ലാച്ചിമടയിൽ നടത്തിയ പത്രസമ്മേളനമാണ് ഏറ്റവും ശ്രദ്ധേയം. കൊക്കകോളയുടെ പരിസ്ഥിതി കമ്മിറ്റി ചെയർമാനായ ഈ മുൻ ന്യായാധിപൻ പാലക്കാട്ടെ വരൾച്ചയ്ക്ക് കാരണം കർഷകരുടെ അമിതജല ഉപയോഗമാണെന്നും കോളാ കമ്പനിക്കെതിരെ ഹൈക്കോടതി എടുത്ത നിലപാട് ശരിയല്ലെന്നും ആണ് വാദിച്ചത്. ഇതിനെതിരെ കോളയുടെ വക്താവായ ബി.എൻ. കൃപാൽ കർഷകരെ വഞ്ചിക്കുന്നു എന്ന് മാതൃഭൂമിയും മാധ്യമവും ദേശാഭിമാനിയും ദീപികയും എഴുതിയപ്പോൾ മനോരമ വരികൾക്കിടയിലൂടെ സഞ്ചരിച്ച് കൃപാലിനെ ന്യായീകരിച്ചു. ദി ഹിന്ദുവാകട്ടെ ബി.എൻ. കൃപാലിന്റെയും കൊക്കകോള ഇന്ത്യ പ്രസിഡണ്ട് സഞ്ജീവ് ഗുപ്തയുടെയും പ്രത്യേകം അഭിമുഖം എഴുതിയാണ് പരസ്യക്കാരെ പ്രീണിപ്പിച്ചത്.

പ്ലാച്ചിമട സമരം നമുക്ക് നൽകുന്ന സന്ദേശമിതാണ്. തെറ്റായ വസ്തുതകളിലൂടെ ആടിനെ പട്ടിയാക്കാൻ ശ്രമിച്ച് ഒടുക്കം ജനകീയ വികാരത്തിനൊപ്പം നീതിപീഠം കൂടി നിലയുറപ്പിച്ചപ്പോൾ മറ്റു വഴിയില്ലാതെ സമരത്തെ ന്യായീകരിച്ച കപട മാധ്യമങ്ങളുടെ പൊങ്ങച്ചം. ഇവിടെ ജനാധിപത്യത്തിന്റെ നാലാം സംരക്ഷകർ (ഫോർത്ത് എസ്റ്റേറ്റ്) എന്ന നിർവചനമാണ് അപ്രസക്തമാവുന്നത്. ലക്ഷങ്ങൾ വാരിയെറിഞ്ഞ് പരസ്യം നൽകുന്ന കുത്തകകളെ സംരക്ഷിക്കലാണ് ഇത്തരം പത്രങ്ങളുടെ പ്രധാന അജണ്ട. അജണ്ട എന്നതിനെക്കാൾ പ്രധാന ആവശ്യം എന്ന രീതിയിൽ എല്ലാ ജനകീയ സമരങ്ങളെയും ഇവർ പുച്ഛിച്ചു തള്ളുന്നു. സമൂഹത്തിന്റെ കണ്ണാടിയാണ് പത്രം എന്നതിലുപരി വാണിജ്യവൽക്കരണത്തിന്റെ ഭാഗമാണ് പത്രം എന്ന് ഇവർ മാറ്റി എഴുതുന്നു. ഇവർക്ക് പത്രധർമ്മം എന്നത് ലാഭം കൊയ്യാനുള്ള ഉപാധി മാത്രമായി ഒതുങ്ങുന്നു. ഇവിടെ പത്രസങ്കൽപ്പമാണ് ബലികഴിക്കപ്പെടുന്നത്.